പരിപാടി ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി ഫിസിക്കൽ എഡ്യൂക്കേഷൻ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതായി പ്രഖ്യാപിച്ചിരുന്നു. നിലവിലുള്ള രീതിയനുസരിച്ച് യു.പി. വിഭാഗത്തിൽ 500 കുട്ടികളുണ്ടായിരിക്കണം. അല്ലെങ്കിൽ 8, 9 ക്ലാസ്സുകളിലായി അഞ്ച് ഡിവിഷനുണ്ടായിരിക്കണം. മറ്റ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കാമെന്നാണ്. ഈ രീതിയിൽ നിയമനം നടത്തിയാൽ കായികാദ്ധ്യാപകരായ ഉദ്യോഗാർത്ഥികളുടെ പ്രശ്നം പരിഹരിക്കപ്പെടില്ല. ഇവർക്ക് നിയമനം നൽകുന്നതിന് നിലവിലുള്ള കെ.ഇ.ആർ. വ്യവസ്ഥകളിൽ മാറ്റം വരുത്തി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, സംസ്ഥാനത്ത് അഞ്ച് മുതൽ ഒൻപത് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ നടത്തിയ കായികക്ഷമതാ പരിശോധന ഫലം കേരള സമൂഹത്തെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ കുട്ടികളിൽ കായികക്ഷമതയുള്ളത് വെറും 14 ശതമാനം കുട്ടികൾക്ക് മാത്രമാണ്. 86 ശതമാനം കുട്ടികളും കായികക്ഷമതാ പരീക്ഷയിൽ പരാജയപ്പെട്ടു. കായികക്ഷമത ഇല്ലായ്മയാണ് പ്രസ്തുത പഠനം വെളിപ്പെടുത്തുന്നത്. കുട്ടികളുടെ ശാരീരിക വളർച്ചയ്ക്കും മാനസിക വികാസത്തിനും കളികൾ വഹിക്കുന്ന പങ്ക് വേണ്ടതോതിൽ ഉൾക്കൊള്ളാൻ നമ്മുടെ സമൂഹത്തിന് കഴിയാതെ വരുന്നു. കുട്ടികൾ കളിക്കുന്ന സമയം പാഴായിപ്പോകുന്ന പഠന സമയമായിട്ടാണ് വിദ്യാസമ്പന്നരായ കേരളീയ സമൂഹം പരിഗണിക്കുന്നത്. കഷ്ടമാണ്. ഇതിന്റെ ഫലമാണ് കായികക്ഷമതാ പരിശോധനയിൽ വെളിപ്പെടുത്തുന്നത്. കളിയോടും കായികാദ്ധ്വാനത്തോടും നാം വച്ചുപുലർത്തുന്ന സമീപനം മാറേണ്ടത് കേരളത്തിന്റെ ഭാവിക്ക് അനിവാര്യമാണ്. സമൂഹത്തിന്റെ ഈ കാഴ്ചപ്പാടിന്റെ പ്രതിഫലനം വിദ്യാഭ്യാസ മേഖലയിലുമുണ്ടായി. അതിന്റെ ദുരന്തമാണ് അങ്ങ് ഇവിടെ ഉന്നയിച്ച കാര്യം. നേരത്തെ ഇതൊക്കെയുണ്ടായിരുന്നു. കായികാദ്ധ്യാപകരും സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സും പടിപടിയായി ഇല്ലാതായി. ഇതിന്റെ ഭാഗമായി കായികാദ്ധ്യാപകരും സ്പെഷ്യലിസ്റ്റ് അധ്യാപകരും കുറഞ്ഞുവന്നു. ഈ കാഴ്ചപ്പാട് മാറ്റാനുള്ള ശ്രമം വിദ്യാഭ്യാസ വകുപ്പും കായികവകുപ്പും സംയുക്തമായി ഏറ്റെടുത്തിരിക്കുകയാണ്. അതാണ് അന്ന് പ്രഖ്യാപിച്ചത്. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി മാറിയതോടുകൂടി ഇന്ത്യയിലാദ്യമായി ഈ വർഷം നടപ്പാകുകയാണ്. അതിന്റെ ഭാഗമായി അദ്ധ്യാപകരെ നിലനിർത്തുക, കൂടുതൽ അദ്ധ്യാപകരെ നിയമിക്കുക എന്നതാണ് ലക്ഷ്യം. ഇടുക്കി ജില്ലയിൽ അങ്ങ് ഉന്നയിച്ച കാര്യം പ്രത്യേകം പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

(3) കാട്ടാക്കട-കോട്ടൂർ റോഡ്

ശ്രീ. ജി. കാർത്തികേയൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ കാട്ടാക്കട-കോട്ടൂർ റോഡ് നാല് പഞ്ചായത്തുകൾ കടന്നുപോകുന്ന റോഡാണ്. വളരെയധികം ട്രാഫിക്കുള്ള ഈ റോഡിന് പലപ്പോഴായി

LIBRARY ARCHIVES Kerala Legislative Assembly

പുനരുദ്ധാരണംവഴി അനാവശ്യമായി ഒരുപാട് പണം ചെലവായിപ്പോയി. ബി.എം.&എ.സി.യായി ഇത് മാറ്റുമ്പോൾ തീർച്ചയായും ആദ്യത്തെ ഇൻവെസ്റ്റുമെന്റ് കൂടുമെങ്കിലും സഞ്ചാരയോഗ്യമായ റോഡായി മാറും. ട്രാഫിക്കിന് സൗകര്യം ചെയ്യും. അത് സാമ്പത്തികമായി സർക്കാരിനുതന്നെ ലാഭമായിരിക്കും. അതുകൊണ്ട് ദയവുചെയ്ത് ഇത് ബി.എം.&എ.സിയാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അത് വളരെ പ്രധാനപ്പെട്ടതാണ്. വളരെ തിരക്കേറിയ ഒരു റോഡാണ്. അത് ബലപ്പെടുത്തുന്നതിനുവേണ്ടി അദ്ദേഹം പറഞ്ഞതു പോലെ ബി.എം.&എ.സി. ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം

ശ്രീ. എം. എം. മോനായി : സർ, പി.ഡബ്ലിയു.ഡി. എന്ന ഈജീയൻ തൊഴുത്ത് വൃത്തിയാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാ പിന്തുണയും സഹകരണവും വാഗ്ദാനം ചെയ്യുന്നു. അതുമാത്രമല്ല അങ്ങ് ക്ഷമാപൂർവ്വമായി എല്ലാ ജില്ലയിലേയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി കാട്ടുന്ന സൻമനസ്സിനേയും അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പല പദ്ധതിയിലും ഉൾപ്പെടുത്തി ഫണ്ടുകൾ അനുവദിക്കപ്പെടുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ ആദ്യത്തെ നടപടി കെട്ടിടത്തിനോ പാലത്തിനോ ആവശ്യമായ ഡ്രോയിംഗ് തയ്യാറാക്കലാണ്. എന്നാൽ പല പദ്ധതികളുടെയും ഡ്രോയിംഗ് സമയബന്ധിതമായി പൂർത്തീകരിച്ച് ലഭിക്കാത്തതിനാൽ ടെൻഡർ നടപടികളോ തുടർനടപടികളോ സ്വീകരിക്കുവാൻ കഴിയുന്നില്ല. കുന്നത്തുനാട് മണ്ഡലത്തിൽ 2007-08 ബഡ്ജറ്റിൽ തുക അനുവദിച്ച പട്ടിമറ്റം ഹയർ സ്റ്റേഷന്റെ ഡ്രോയിംഗ് ഈ അടുത്ത നാളിലാണ് പൂർത്തീകരിച്ച് ലഭിച്ചത്. ടെൻഡർ നടപടികൾ ഇനിയും ആരംഭിച്ചിട്ടില്ല. 2008-09 ബഡ്ജറ്റിൽ തുക അനുവദിച്ച കോലഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ ഡ്രോയിംഗ് പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പുതിയ കെട്ടിടങ്ങളുടെ ഡ്രോയിംഗുകൾ മറ്റ് ഏജൻസികളെക്കൊണ്ട് ചെയ്യിപ്പിക്കുവാൻ ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് അതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. പുതിയ പദ്ധതികൾക്ക് ഡ്രോയിംഗ് തയ്യാറാക്കി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിതമായി ഇത്തരം നടപടികൾ വികേന്ദ്രീകരിച്ച് താഴെതലങ്ങളിൽതന്നെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കണമെന്നും കോലഞ്ചേരി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, ഇന്നലെ നടന്ന ജില്ലാതല റിവ്യൂ മീറ്റിംഗിൽ ഇത് വളരെ വിശദമായി ചർച്ച ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly